## അനുബന്ധം

# ആത്മാക്കളെ പിടിച്ച് അടുപ്പിക്കുന്ന ആത്മീയ കാന്തം

## ഫാ. കെ. ഐ. ഫിലിപ്പ് റമ്പാൻ

"ചെരിപ്പ് ഊരിക്കളയുക" ഇടിമുഴക്കം പോലെ ഗംഭീരമായ ഒരു ശബ്ദം ഉച്ചഭാഷിണിയിലൂടെ ഉച്ചത്തിൽ കേട്ടു. ആ ധ്വനി കാതുകളിലൂടെ ഹൃദയത്തിലേക്ക് ഇറങ്ങിച്ചെന്നു. വയലത്തല സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ശിലാസ്ഥാപനത്തിനായി അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസംഗവേദിയിൽ നിന്നുകൊണ്ടു കറുത്ത കുപ്പായത്തിൽ പൊതിഞ്ഞ നല്ല പൊക്കവും വണ്ണവുമുള്ള ഒത്ത ഒരു ശരീരമുള്ള ശെമ്മാശൻ രണ്ടു മണിക്കൂറോളം നീണ്ടുനിന്ന ഒരു പ്രസംഗം നടത്തി. ആ കാഴ്ച ഇതേവരെ വിസ്മരിക്കുവാൻ കഴിയുന്നില്ല. പന്തലിൽ കൂടിയിരുന്നവർക്കെല്ലാം ആത്മീയ സന്തോഷം പകർന്ന പ്രഭാഷണം. ഇടയ്ക്കിടയ്ക്കുള്ള ഉണർവ്വ് ഗീതങ്ങൾ. ഓരോ വാക്കും വാചകവും അതേ ശബ്ദത്തിൽ വീണ്ടും വിളിച്ചുപറയുന്നത് കീക്കോഴൂർ മാടാത്തേത്ത് കൊച്ചുവൈദ്യൻ എന്നറിയപ്പെടുന്ന മാത്യു വൈദ്യനും (ആ കാലത്ത് പ്രസംഗങ്ങൾ എടുത്തുപറയിക്കുന്ന രീതി ഉണ്ടായിരുന്നു). മുണ്ടുവേൽ ജോർജ് ശെമ്മാശനെ അങ്ങനെയാണ് ആദ്യം ഞാൻ കാണുന്നത്. പിറ്റേദിവസം ഞായറാഴ്ച ഞങ്ങളുടെ പള്ളിയിലേക്കു ബ. വി. ജെ. ഗബ്രിയേൽ കോർഎപ്പിസ്കോപ്പായുമൊത്തു നടന്നുവരുമ്പോൾ ഞങ്ങളുടെ വീടിന്റെ പടിക്കൽ മുതൽ പള്ളി വരെ ഞാനും കൂടെ നടന്നു. നടക്കുന്നതിനിടയിൽ എന്റെ പേരും മറ്റും ശെമ്മാശൻ ചോദിച്ചറിയുകയും തിരിച്ചുവരുംവഴി വീട്ടിൽ കയറി പ്രാർത്ഥിക്കുകയും ചെയ്തു. അതിനു അടുത്ത ദിവസം രാവിലെ തലേദിവസം കൺവൻഷനിൽ ചോദിച്ച ചോദ്യങ്ങളുടെ ഉത്തരങ്ങളുമായി ഗബ്രിയേൽ അച്ചന്റെ വീട്ടീൽ പോയി ശെമ്മാശനെ വീണ്ടും കണ്ടു. ശെമ്മാശനു നല്കുവാൻ ഒരു വരിക്കച്ചക്കപഴവും അമ്മച്ചി തന്നയച്ചിരുന്നു. അല്പനേരം കട്ടിലിൽ പിടിച്ചിരുത്തി സംസാരിച്ചതിനുശേഷം അവിടെ മുട്ടുകുത്തി പ്രാർത്ഥിച്ചത് ശെമ്മാശനുമായുള്ള ബന്ധം ആരംഭിക്കുന്ന അവിസ്മരണീയമായ സന്ദർഭമായിരുന്നു. എം. വി. ജോർജ് അച്ചനെ എപ്പോൾ സന്ദർശിച്ചാലും ഒരു നിമിഷമെങ്കിലും പ്രാർത്ഥിക്കാതെ പറഞ്ഞയക്കുമായിരുന്നില്ല. ഓരോ സന്ദർശനം കഴിയുമ്പോഴും ആത്മബന്ധം വർദ്ധിക്കുന്നതായി അനുഭവപ്പെടുമായിരുന്നു. മനുഷ്യരെ ആകർഷിപ്പാനുള്ള

അദ്ദേഹത്തിന്റെ കഴിവ് അപ്രമേയമായിരുന്നു. വാഗ്ധോരണിയെക്കാൾ ആകർഷകമായി എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത് അദ്ദേഹത്തിന്റെ നിഷ്കളങ്കമായ പെരുമാറ്റവും സ്നേഹത്തിൽ വേരൂന്നിയ ക്രിസ്തീയ ജീവിതവും ആയിരുന്നു. ഈ ആകർഷണവലയത്തിൽ, ജോർജ് ശെമ്മാശന്റെ പ്രസംഗം സമീപപ്രദേശത്ത് എവിടെ ഉണ്ടെങ്കിലും അവിടെ പത്തും പതിനഞ്ചും കിലോമീറ്റർ നടന്നായാൽപോലും എത്തുവാൻ വയലത്തലയിലുള്ള ചില ചെറുപ്പക്കാർ എന്നോടൊപ്പം സഹകരിക്കുമായിരുന്നു. ഇതുപോലെ എത്ര സ്ഥലങ്ങളിൽ, എത്രയോ യുവാക്കൾ ആ കാന്തവലയത്തിൽ പെട്ടിട്ടുണ്ട്. ഈ ബന്ധം അറ്റുപോകാതെ സൂക്ഷിക്കുവാൻ, എത്ര വലിയ തിരക്കിനിടയിലായാലും കത്തുകൾ അയയ്ക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മലങ്കരസഭയുടെ സുവിശേഷ ദൂതനായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ ഒരു ശെമ്മാശനായി ആദ്യം കണ്ട ആ രൂപം എന്റെ മനസ്സിൽ നിന്നും ഇന്നേയോളം മായാതെ പച്ചപിടിച്ചു നില്ക്കുന്നു.

വൈദികസെമിനാരിയിലെ അദ്ധ്യാപനകാലത്ത് ശിഷ്യന്മാരിൽ ഏറിയപങ്കും ഈ കാന്തവലയത്തിൽ ലയിച്ചിട്ടുണ്ടെങ്കിലും ഇന്നെയോളം പിരിയാതെ ഒട്ടിപ്പിടിച്ചു നിൽക്കുന്ന വിലയേറിയ മുത്താണ് വന്ദ്യ പി. എം. തോമസ് റമ്പാച്ചൻ. സുവിശേഷാലയം സെക്രട്ടറിയായി 1955-ൽ സെമിനാരി പഠനം കഴിഞ്ഞശേഷം ചുമതല ഏറ്റെടുത്ത, കോട്ടയം ആലയ്ക്കപറമ്പിൽ തോമസ് ശെമ്മാശൻ, സ്നേഹവാനായ ഗുരുവിനെ വിടാതെ പിൻപറ്റി ഇന്നും, ശാരീരികാസ്വസ്ഥത പോലും മറന്നു പ്രവർത്തിക്കുന്നു. തിരുമനസ്സിലെ മിക്ക തീരുമാനങ്ങളിലും വന്ദ്യ പി. എം. തോമസ് റമ്പാച്ചന്റെയും കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ എൻ. ഗീവറുഗീസ് സാറിന്റെയും സ്വാധീനം ഉണ്ടായിരുന്നു. നിത്യതയിലേക്കു എടുക്കപ്പെട്ട ബഹുമാപ്പെട്ട എം. ജി. പോൾ അച്ചൻ തിരുമേനിയിൽ ആകർഷിക്കപ്പെട്ടാണ് സെന്റ് പോൾസ് സമൂഹത്തിൽ അംഗമായത്. അനേക വൈദികരും അത്മായക്കാരും ധാരാളം ക്രൈസ്തവരും, അക്രൈസ്തവരും ഈ അഗാധഭക്തനെ ഗുരുവായി വരിച്ചിട്ടുണ്ട്. തിരുമേനിയെ ഞാൻ മനസ്സിലാക്കിയ നാൾ മുതൽ പ്രധാനമായും രണ്ട് ആശയങ്ങളാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലും സംസാരത്തിലും മുന്തിനിന്നിരുന്നത്. ഒന്ന്, സുവിശേഷഘോഷണത്തിനായുള്ള അഭിവാഞ്ഛ. രണ്ട്, സമസൃഷ്ടങ്ങളിൽ ദരിദ്രരായവരെ ഉയർത്തിക്കൊണ്ടുവരുവാനുള്ള ഉത്സാഹം. സമൂഹത്തിൽ അടരാടിയിരുന്ന തിന്മകളോടു ശക്തമായ ഭാഷയിൽ പ്രതികരിച്ചിരുന്നു എങ്കിലും അവയ്ക്കെല്ലാം മുൻപന്തിയിൽ നിന്നിരുന്നത് മുകളിൽ പറഞ്ഞ കാര്യങ്ങൾ തന്നെയായിരുന്നു.

## സുവിശേഷീകരണത്തിനായി വെമ്പൽ കൊള്ളുന്ന വ്യക്തിത്വം

അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമനസ്സിലേക്കു സാമൂഹ്യനീതിപോലുള്ള ആശയങ്ങളായിരുന്നില്ല പ്രാരംഭകാല ചിന്ത. "ഭാരത സുവിശേഷീകരണം" എന്ന ആശയമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയത്തെ ഏറെ ഭരിച്ചിരുന്നത്. തിരുവചനം ജനങ്ങൾ ഭംഗിയായി പഠിച്ചു ജീവിതത്തിൽ പ്രായോഗികമാക്കുക, മാതൃകയുള്ള സത്യക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് പുളിമൂട്ടിലെ കൈമൂട്ടിൽ നൈനാച്ചന്റെ ഒരു വാടകക്കെട്ടിടത്തിൽ സുവിശേഷാലയം 1940-തുകളിൽ ആരംഭിച്ചത്. ഒരു അത്മായക്കാരനായിരിക്കെത്തന്നെ നാടുനീളെ പ്രസംഗിച്ചും, തിരുവചനം പഠിപ്പിച്ചും ആത്മാക്കളെ ആദായപ്പെടുത്തിയിരുന്ന ജോർജുകുട്ടിയുടെ ഒരേയൊരു ആഗ്രഹം, "എവിടെ പോയി ഞാൻ അവനായി ജീവൻ വയ്ക്കേണം, അവിടെത്തന്നെ പോകാൻ എനിക്കു മനസ്സു നല്കേണം" എന്നതായിരുന്നു. അന്നു ജോർജുകുട്ടിയിൽ കൂടെ ഒഴുകിയെത്തിയ തിരുവചനം ശിലാതുല്യമായിരുന്നു. അനേക ഹൃദയങ്ങളെ മെഴുകുപോലെ ഉരുക്കുകയും പുതിയ തീരുമാനങ്ങളിലേക്കു നയിക്കുകയും ചെയ്തിട്ടുണ്ട്. വാടകക്കെട്ടിടത്തിലെ ആ സുവിശേഷാലയം പിന്നീട് സ്വന്ത കെട്ടിടത്തിലേക്കും കാലക്രമേണ മലങ്കര സുറിയാനി സഭയുടെ മിഷനറിമാരെ പരിശീലിപ്പിക്കുന്ന മിഷൻ ട്രെയിനിംഗ് സെന്ററായി വളർത്തിയെടുക്കുവാനും അദ്ദേഹത്തിനു സാധിച്ചു. അഖിലഭാരത വീക്ഷണത്തോടെയാണ് അദ്ദേഹം ഇതിനു തുടക്കം കുറിച്ചത്. ഈ താല്പര്യം അദ്ദേഹത്തിൽ ആരും വച്ചുകെട്ടിയതല്ല. മറിച്ച്, ബാല്യം മുതൽ തന്നെ അദ്ദേഹത്തിൽ രൂഢമൂലമായിരുന്ന അഗാധമായ ഒരു താല്പര്യമായിരുന്നു ഇത്. ഒരു പക്ഷേ, ഭക്തയായ മാതാവിൽ നിന്നും ലഭിച്ചതാവാം.

## ബാല്യത്തിലെ ഒരനുഭവം

മാവേലിക്കര ചെറുകോൽ ചെമ്പകശ്ശേരിൽ ശ്രീ. മത്തായി സാർ (ശ്രീ. സി. എം. സ്റ്റീഫന്റെ പിതാവ്) ഒരിക്കൽ എന്നോടു പറഞ്ഞു. "ഒസ്താത്തിയോസ് തിരുമേനിയെ ഞാൻ മൂന്നാം ക്ലാസിൽ പഠിപ്പിച്ചിട്ടുണ്ട്. ഒരു ക്ലാസിലെ കുട്ടികളിൽ ചിലർ ഉച്ചയ്ക്കു താമസിച്ചു ക്ലാസിൽ വരുന്നത് പതിവാക്കി. ഒരു ദിവസം ഞാൻ ഒരു നല്ല വടി എടുത്ത് താമസിച്ചുവന്ന ഒരു കുട്ടിയെ അടിക്കുവാനൊരുങ്ങി. അവൻ കരഞ്ഞുകൊണ്ടു പറഞ്ഞു. 'സാർ, എന്നെ തല്ലരുതേ. ഈ ജോർജുകുട്ടി ഞങ്ങളെ വിളിച്ചുകൊണ്ടു പോയതാണ്.' അവനെ വിട്ടിട്ട് ഞാൻ ജോർജുകുട്ടിയെ അടിക്കുവാനായി പിടിച്ചു. നീ എവിടെയാണ് ഈ കുട്ടികളെ കൊണ്ടുപോയത്? എന്റെ ശബ്ദത്തിൽ ഗൗരവം കലർന്നിരുന്നു. ഭയം കൂടാതെ ജോർജുകുട്ടി

പറഞ്ഞു. 'സാർ, ഞങ്ങൾ പ്രാർത്ഥിക്കുവാനായി ആരും താമസമില്ലാത്ത അടുത്തുള്ള വീട്ടിൽ പോയതാണ്.' ഇതു കേട്ടപ്പോൾ ഞാൻ വടി താഴെയിട്ടു. ആ കുട്ടിയുടെ വീട് ഏതാണെന്ന് ചോദിച്ചു." അന്നു സാറിന്റെ മനസ്സിൽ ബാലനായ ജോർജുകുട്ടിയെപ്പറ്റിയുണ്ടായ മതിപ്പ് എത്രയോ വലുതായിരുന്നു. മൂന്നാം ക്ലാസ് വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സഹപാഠികളെ ഒന്നിച്ചുകൂട്ടി പ്രാർത്ഥിച്ചിരുന്ന ആ പൈതൽ ഭാരതസുവിശേഷീകരണത്തിനായി അന്നേ ഒരുങ്ങിക്കഴിഞ്ഞിരുന്നു.

ചില കാര്യങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. പ്രാരംഭകാലത്ത് അവധികാല വേദപഠനക്ലാസ്സുകൾ ഒരാഴ്ചക്കാലം വീതം എടുത്തു. ഇന്നും അതു തുടർന്നു വരുന്നു. അനേകമാളുകളെ രൂപാന്തരപ്പെടുത്തിയ ഒരു കളരിയാണ് അവധിക്കാല വേദപഠനക്ലാസുകൾ. പ്രഗത്ഭരായ പല വേദശാസ്ത്രജ്ഞന്മാരും അതിൽ സംബന്ധിക്കുന്നു. എങ്കിലും ഒസ്താത്തിയോസ് തിരുമനസ്സിലെ സാന്നിദ്ധ്യമാണ് പലർക്കും ആത്മീയ ദർശനം ഏകുന്നത്. ഇതിൽ സംബന്ധിച്ചിട്ടുള്ള പലരും ഇന്നു പരിശുദ്ധസഭയിലെ പട്ടക്കാരും മേൽപ്പട്ടക്കാരുമായി ശോഭിക്കുന്നു.

ഇതുപോലെ 1956-ൽ ഒരു ബൈബിൾ ക്ലാസിൽ സംബന്ധിച്ച ഞാൻ ഏതാനും മാസങ്ങൾക്കകം സുവിശേഷാലയത്തിലെ പ്രവർത്തകനായി ചേരുകയും തിരുമനസ്സിലെ ശിക്ഷണത്തിൻകീഴിൽ എളിയ പ്രവർത്തനങ്ങൾ ഇന്നേയോളം തുടർന്നുവരികയും ചെയ്യുന്നു.

ഈ ഉദ്ദേശ്യത്തോടെ തിരുമനസ്സുകൊണ്ടു സെന്റ് പോൾസ് സുവിശേഷസംഘം രൂപീകരിച്ചു. ആദ്യകാലം മുതൽ മരണം വരെയും ആ സുവിശേഷ സംഘത്തിന്റെ കൺവീനറായിരുന്നത് മാവേലിക്കര താന്നിമൂട്ടിൽ എൻ. ഗീവറുഗീസ് സാറായിരുന്നു. അദ്ദേഹത്തിന്റെ സഹകരണത്തോടെ കേരളത്തിൽ പല പള്ളികളിലും സുവിശേഷസംഘം ശാഖകൾ സ്ഥാപിച്ചു. അതിൽ ഏറ്റം മുൻപന്തിയിൽ നിന്നിരുന്നത് കുണ്ടറ വലിയപള്ളിയോടു ചേർന്നുള്ള സംഘമായിരുന്നു. ബഹുമാനപ്പെട്ട ഡ്രോയിംഗ് മാസ്റ്റർ ഉമ്മൻ സാറിന്റെ നേതൃത്വത്തിൽ ആ ഭാഗങ്ങളിൽ വളരെ ചിട്ടയായി സുവിശേഷസംഘങ്ങൾ പ്രവർത്തിക്കുകയും വളരെ യുവതീയുവാക്കന്മാർ ദൈവനാമത്തിൽ പുതിയ തീരുമാനങ്ങൾ എടുക്കുകയും ചെയ്തുവന്നിരുന്നു. അന്നു സുവിശേഷാലയ സെക്രട്ടറി ആയിരുന്ന ബഹുമാനപ്പെട്ട തോമസ് ശെമ്മാശനും ഗീവറുഗീസ് സാറും ചെയ്ത നിസ്തുല സേവനങ്ങൾ ഒരിക്കലും മറക്കാവുന്നതല്ല. വറുഗീസ് സാറിന്റെ മരണശേഷം കൺവീനർമാരായി മറ്റു പലരും പ്രവർത്തിച്ചിട്ടുണ്ട്. മെത്രാപ്പോലീത്താ ആയപ്പോൾ നിരണം ഭദ്രാസനത്തിലെ സുവിശേഷവേലയെ പ്രധാനമായും ലാക്കാക്കിക്കൊണ്ടാണ് സെന്റ് തോമസ് സുവിശേഷ സംഘം ആരംഭിച്ചത്.

പരിശുദ്ധ സഭയിൽ ഒരു മിഷൻ സൊസൈറ്റിയും മിഷൻ ബോർഡും ഉണ്ടാക്കുവാൻ പരിശുദ്ധ സുന്നഹദോസിൽ തിരുമനസ്സിലെ ശബ്ദം ശക്തിയായി മുഴങ്ങിയിരുന്നു. അതുപോലെ ഭദ്രാസനങ്ങൾതോറും മിഷൻ സൊസൈറ്റികൾ സ്ഥാപിച്ചു സുവിശേഷദൗത്യം വർദ്ധിപ്പിക്കണം എന്ന തിരുമനസ്സിലെ ആശയവും പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ച് പ്രവർത്തിക്കുന്നു. ഇങ്ങനെ സഭയെ ആകമാനം സുവിശേഷദൗത്യത്തിലേക്കു തിരിച്ചുവിടുവാൻ തിരുമനസ്സിലെ പ്രേരണ ഉണ്ടായിരുന്നു എന്നതാണ് വാസ്തവം.

ഈ കാലഘട്ടത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുള്ള ഒരു പുസ്തകം അച്ചടിക്കുകയും ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളെയും ഈ പ്രാർത്ഥനാ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തപ്പോഴാണ് ലോകത്തെപ്പറ്റി അഭിവന്ദ്യ തിരുമേനിക്കുള്ള ഉത്കണ്ഠ മനസ്സിലായത്. അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന സുവിശേഷവേലയ്ക്കായുള്ള പ്രാർത്ഥന അർത്ഥവത്താണ്. അതിനുശേഷം പല പ്രാവശ്യവും പ്രാർത്ഥനകൾ അച്ചടിച്ചിട്ടുണ്ട്. രണ്ടായിരമാണ്ടിനുള്ളിൽ ചെയ്യേണ്ടതായ സുവിശേഷവേലയ്ക്കുള്ള പ്രാർത്ഥനാകാർഡ് വിവിധ ഭാഷകളിൽ പതിനായിരക്കണക്കിന് അച്ചടിപ്പിച്ചു വിതരണം ചെയ്ത് പ്രാർത്ഥിപ്പാൻ പ്രേരിപ്പിക്കുന്നത് തിരുമേനിയാണ്.

## ഓണവാര സുവിശേഷവേല

കേരളം ഓണത്തിന്റെ ഉത്സവാഘോഷങ്ങളിൽ മതിമറന്നാഹ്ലാദിക്കുമ്പോൾ, ജോർജ് ശെമ്മാശനും സഹപ്രവർത്തകരും തിരുവചനവുമായി ഇടവകകൾതോറും കയറിയിറങ്ങി രാത്രിയോഗങ്ങളും, പകൽ ഭവനസന്ദർശനവും ബൈബിൾ ക്ലാസ്സുകളും നടത്തിയിരുന്നു. പരസ്യയോഗങ്ങൾ ഓണവാര സുവിശേഷവേലയുടെ മുഖ്യ ഘടകമായിരുന്നു. മുക്കുവരുടെ ഇടയിലും ഇതുപോലെ വേല തുടങ്ങുവാൻ അദ്ദേഹത്തിനു സാധിച്ചു. സുവിശേഷറാലികളും പലപ്പോഴും സംഘടിപ്പിച്ചിട്ടുണ്ട്. അനേകം മദ്യപന്മാർ മദ്യപാനം വിട്ടുതിരിഞ്ഞു മാനസാന്തരത്തിന്റെ അനുഭവത്തിലേക്കു വന്നിട്ടുണ്ട്.

ദൈവവചനം ഘോഷിപ്പാനായി ആരും ക്ഷണിക്കണം എന്നുള്ള നിർബന്ധം തിരുമേനിയ്ക്കില്ല. രണ്ടുപേരെയെങ്കിലും ഒന്നിച്ചു ലഭ്യമായാൽ വചനത്തിനു തിരുമേനി അവസരം ഉണ്ടാക്കുന്നു. കൂടെ യാത്ര ചെയ്യുമ്പോഴും തിരുവചനമായിരിക്കും സംസാരവിഷയം. കുട്ടികളോടും, യുവാക്കളോടും, പ്രായമുള്ളവരോടും അവരവരുടെ ആവശ്യാനുസരണം വചനം പകർന്നുനല്കുന്നതിനു തിരുമേനിക്കു കഴിയുന്നു. അമേരിക്കയിൽ ഹൃദയശസ്ത്രക്രിയ കഴിഞ്ഞു വിശ്രമിക്കുമ്പോഴും സന്ദർശനത്തി

നായി വരുന്നവരോട് തിരുവചനം പറഞ്ഞിരുന്നു. സംസാരം ഉച്ചത്തിൽ ആകുന്ന അവസരത്തിൽ അതിൽ ഇടപെട്ടു വിശ്രമത്തെക്കുറിച്ചു ഓർമ്മപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്.

"ഞാൻ ദൈവത്തിനു വേണ്ടി ജീവിക്കുന്നു" എന്നതായിരുന്നു തിരുമനസ്സ് സദാ ചിന്തിച്ചിരുന്നത്. അമേരിക്കയിൽ വച്ച് 'ആൻജിയോഗ്രാം' നടത്തി തിരുമനസ്സിലെ ഹൃദയത്തിന്റെ തകരാറുകൾ മനസ്സിലാക്കിയ ഡോക്ടർ ഓപ്പറേഷനെപ്പറ്റി പറഞ്ഞു തിരുമേനിയുടെ സമ്മതം ചോദിച്ചപ്പോൾ പറഞ്ഞ വാചകം "ഞാൻ എന്റെ ഹൃദയം കർത്താവിനു നൽകിക്കഴിഞ്ഞതാണ്; കർത്താവിന്റെ ഇഷ്ടം നടക്കട്ടെ" എന്നതായിരുന്നു. ഇതു കേട്ടവർക്കുണ്ടായ ആത്മസന്തോഷം പുതിയൊരു അനുഭവം തന്നെയായിരുന്നു. തൊണ്ടയുടെ ഒരു ഓപ്പറേഷനു വേണ്ടി അറുപതുകളിൽ വെല്ലൂരിൽ പോയപ്പോൾ ക്ലാസ്സുകൾ എടുക്കുവാനും പ്രസംഗത്തിനുമെല്ലാം തിരുമേനി സമയം കണ്ടെത്തി. അന്ന് ഏതാണ്ട് നാല്പതോളം ക്ലാസുകൾ എടുത്തു എന്നാണ് അറിവ്. ഏത് ആശുപത്രിയിൽ അഡ്മിറ്റ് ആയാലും അവിടെയുള്ള സ്റ്റാഫിനെയും മറ്റും കൂട്ടി അവസരമുള്ളപ്പോഴെല്ലാം തിരുമേനി വചനം പഠിപ്പിച്ചിരുന്നു. തിരുമേനി സന്നിഹിതനാവുന്ന ഏതു സദസും ചൈതന്യമുള്ളതാണ്. എത്ര വലിയ ജനസഞ്ചയത്തെയും നിമിഷനേരം കൊണ്ടു ശാന്തരാക്കുവാനുള്ള കഴിവ് അപാരമാണ്. ഇങ്ങനെ പ്രസംഗവേദികളിലും, രോഗക്കിടക്കയിൽ പോലും ദൈവവചനത്തിനു മുൻതൂക്കം കല്പിക്കുന്നവർ വളരെ വിരളമത്രേ.

### ആശ്രമസ്ഥാപനം

1963-ലെ പെന്തിക്കോസ്തു ദിനത്തിലാണ് എം. വി. ജോർജ് അച്ചൻ ഉൾപ്പടെ ഏഴു പേർ ഒപ്പിട്ട് ചില നിയമാവലികൾ ഉണ്ടാക്കി ആശ്രമം രൂപീകരിക്കുന്നത്. തുടർന്ന് 1965-ന് മുമ്പായി അത് രജിസ്റ്റർ ചെയ്യുകയും ചെയ്തു. അന്ന് ഒപ്പ് ഇട്ടവരിൽ തിരുമേനിയും, തോമസ് റമ്പാച്ചനും, ഞാനും മാത്രമേ അവശേഷിക്കുന്നുള്ളു. 1980-ൽ മാത്യൂസ് പ്രഥമൻ ബാവാതിരുമനസ്സുകൊണ്ട് സ്ഥിരാംഗങ്ങൾക്ക് കാവികുപ്പായവും മറ്റുള്ളവർക്ക് വെള്ളകുപ്പായവും നൽകി. ആശ്രമാംഗങ്ങൾ ഖദർ മാത്രം ധരിക്കണം എന്നാണ് നിയമം. ക്രമേണ ഇപ്പോൾ കാണുന്ന നിലയിലേക്ക് ആശ്രമം വളർത്തപ്പെട്ടു.

### അത്യാഹിതങ്ങളിൽ സഹായഹസ്തം

സെമിനാരി അദ്ധ്യാപകനായിരുന്ന കാലത്ത് വെള്ളപ്പൊക്കം മുതലായ അത്യാഹിതങ്ങൾ ഉണ്ടാവുന്ന അവസരത്തിൽ സെമിനാരി വിദ്യാർത്ഥികളെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രേരിപ്പിക്കുകയും വിദ്യാർത്ഥികളോടൊപ്പം ധനശേഖരണത്തിലും സേവനരംഗത്തും തിരുമേനി

ഉണ്ടാവുകയും ചെയ്തിരുന്നു.

1977-ൽ ആന്ധ്രാതീരത്ത് ഉണ്ടായ കൊടുങ്കാറ്റും പേമാരിയും അനേകായിരങ്ങളുടെ ജീവൻ അപഹരിച്ചപ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സഭയാകമാനം തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. ഏതാനും മാസങ്ങൾകൊണ്ട് പ്രതീക്ഷിച്ചതിനേക്കാളുപരി പണം പിരിഞ്ഞുകിട്ടി. മാത്രവുമല്ല, സംഘടിതമായ ക്രമീകരണങ്ങൾ ചെയ്തുകൊണ്ട് തിരുമേനി ആ പ്രദേശങ്ങൾ സന്ദർശിക്കുകയും മച്ചിലിപട്ടണത്തിനു സമീപം രണ്ടു ഗ്രാമങ്ങൾ പുനർ നിർമ്മാണം നടത്തുകയും ചെയ്തു. സെന്റ് തോമസ് നഗർ, ക്രിസ്തുരാജപുരം എന്നീ മനോഹരമായ നാമങ്ങളും അവയ്ക്കു നൽകി. പരിശുദ്ധ സഭയെപ്പറ്റിയുള്ള ചെറു വിവരണം ഉൾക്കൊള്ളുന്ന ഒരു ബോർഡും സ്ഥാപിച്ചു. ഗ്രാമങ്ങളുടെ ഉദ്ഘാടനചടങ്ങിൽ അദ്ധ്യക്ഷം വഹിച്ച അന്നത്തെ റവന്യു മന്ത്രി ശ്രീ. ജനാർദ്ദനറെഡ്ഡിയോടും ഗവർണ്ണർ ശ്രീ. കെ. സി. ഏബ്രഹാമിനോടും സദസ്സിൽ വച്ചു നടത്തിയ അഭ്യർത്ഥനയുടെ ഫലമായി നൂറേക്കർ സ്ഥലം പരിശുദ്ധ സഭയ്ക്കു അനുവദിച്ചു തന്നു. സമയോചിതമായി കാര്യങ്ങൾ ക്രമീകരിച്ചു പുതിയ പ്രസ്ഥാനങ്ങളിലേക്കു എടുത്തുചാടുന്ന പതിവ് തിരുമേനിയ്ക്കുണ്ട്. മച്ചിലിപട്ടണത്തെ പ്രസംഗമാണ് യാച്ചാരം ബാലഗ്രാമിനുവേണ്ടി പ്രവർത്തിക്കുവാൻ സഭയ്ക്കു ഉൾക്കാഴ്ച നല്കിയത്.

ഉത്തരകാശിയിൽ 1992-ൽ ഭൂകമ്പം ഉണ്ടായ അവസരത്തിൽ അവിടെ പോയി അന്വേഷിച്ചു റിപ്പോർട്ടു നല്കുവാൻ തിരുമനസ്സുകൊണ്ട് എന്നെ ചുമതലപ്പെടുത്തി. റിപ്പോർട്ട് ഞാൻ നല്കി. എങ്കിലും വലിയ ഒരു പ്രോജക്റ്റ് അവിടെ എടുക്കുവാൻ പല കാരണങ്ങളാലും സാധിച്ചില്ല. എന്നിരുന്നാലും ഒരു നല്ല തുക പിരിച്ചു ദുരിതാശ്വാസത്തിനായി നൽകുകയുണ്ടായി.

ഇന്ത്യയിൽ മാത്രമല്ല, ഇന്ത്യയ്ക്കു പുറത്ത് അർമ്മീനിയ, എത്യോപ്യാ എന്നിവിടങ്ങളിലെ അപകടങ്ങളിലും ദുരിതാശ്വാസത്തിനു പ്രോത്സാഹനം ചെലുത്തുവാനും ഫണ്ടു ശേഖരിക്കുവാനും തിരുമേനിക്കു കഴിഞ്ഞിട്ടുണ്ട്.

**ഒരു അനുഭവം**

തിരുമനസ്സിലെ പ്രാർത്ഥന അനേകർക്ക് രോഗശമനം നല്കിയിട്ടുണ്ട്. വിവിധ ആവശ്യങ്ങളാൽ വലയുന്നവർ തിരുമനസ്സിലെ മദ്ധ്യസ്ഥതയാൽ അനുഗ്രഹം പ്രാപിച്ചിട്ടുണ്ട്.

മച്ചിലിപട്ടണത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടക്കുന്ന സമയം. അവിടെ അടുത്തുള്ള ഗുഡ് ഷെപ്പേഡ് കോൺവെന്റിൽ ഒരു സിസ്റ്ററിനു

ഗുരുതരമായ അസുഖം ബാധിച്ചു. ഞാൻ പലപ്പോഴും സിസ്റ്ററിനെ രോഗക്കിടക്കയിൽ പോയി കാണുമായിരുന്നു. നാട്ടിൽനിന്നും വേണ്ടപ്പെട്ടവർ എല്ലാവരും വന്നു സിസ്റ്ററിന്റെ കിടക്കയ്ക്കരുകിൽ ഉണ്ടായിരുന്നു. പല വൈദികരോടും സിസ്റ്റർ യാത്ര പറയുന്ന സന്ദർഭം ഞാൻ കണ്ടതാണ്. തിരുമനസ്സുകൊണ്ട് അടുത്ത ദിവസം വന്നപ്പോൾ സിസ്റ്ററിനു വേണ്ടി പ്രാർത്ഥിപ്പാൻ കൊണ്ടുപോയി. സിസ്റ്ററിനു സൗഖ്യം ലഭിക്കുവാനായി തിരുമനസ്സ് നടത്തിയ പ്രാർത്ഥന കർത്താവിന്റെ സന്നിധിയിൽ എത്തി. അതിനടുത്ത ആഴ്ച ആ സിസ്റ്റർ കോളജിൽ പോകുന്നത് കണ്ടപ്പോൾ ഞാൻ ദൈവത്തെ മഹത്വപ്പെടുത്തി. തന്റെ ഭക്തന്മാരുടെ പ്രാർത്ഥന യഹോവയ്ക്കു വിലയേറിയതാണ്. തക്കസമയത്തുള്ള തിരുമനസ്സിലെ പ്രാർത്ഥന എല്ലാവർക്കും മാതൃകയാവേണ്ടതാണ്. അടുത്തുചെല്ലുന്നവർക്കുവേണ്ടി ഒരു വാക്കു പ്രാർത്ഥിക്കാതെ വിടുന്ന പതിവില്ല.

അമേരിക്കയിൽ ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ് ഏറെക്കുറെ ആരോഗ്യകരമായി തിരികെ പോരുവാനുള്ള ടിക്കറ്റ് എടുത്തുകഴിഞ്ഞു. Prostrate Gland-ൽ ക്യാൻസർ ഉണ്ടോ എന്നതിനു പരിശോധനകൾ നടത്തിയത് infection ആയി. സഹോദരപുത്രൻ ബിജോയിയുടെ വീട്ടിൽ താമസിക്കുമ്പോൾ അതികലശലായ പനി ബാധിച്ചു. Blood sugar 600 വരെയായി. Pulse 40 വരെ താണു. ഛർദ്ദിയും വയറിളക്കവും. ശരീരം എട്ടു കമ്പിളികൊണ്ടു പുതച്ചിട്ടും മാറാത്ത വിറയൽ. വളരെ അവശനായ സന്ദർഭം. ആശുപത്രിയിൽ പോവാനായി കാറിൽ കയറുന്നതിനു മുമ്പ് പ്രാർത്ഥിപ്പാൻ അവസരം തിരുമേനി കണ്ടെത്തി. ആരെയും കോരിത്തരിപ്പിക്കുന്ന പ്രാർത്ഥന. അവിടെ ആയിരുന്നപ്പോഴെല്ലാം മുടങ്ങാതെയുള്ള യാമപ്രാർത്ഥനകൾ നടത്തുന്നതിനും, സംസാരിപ്പാൻ പ്രയാസം ഉള്ളപ്പോൾ പോലും ഞാൻ അരികിൽ നിന്നു ചൊല്ലുന്ന പ്രാർത്ഥന ശ്രദ്ധിച്ചു ധ്യാനിക്കുന്നതിനും തിരുമേനി ശ്രമിച്ചിരുന്നു.

തിരുമനസ്സിലെ വിനയവും മറ്റുള്ളവരെപ്പറ്റിയുള്ള കരുതലും, പ്രത്യേകിച്ചു സഹപ്രവർത്തകരോടുള്ളതായ കരുതൽ വളരെ പ്രശംസനീയമാണ്. ഒരാളെ ഒരിക്കൽ കണ്ടാൽ പിന്നെ മറക്കില്ല. ആരും അറിയാതെ അനേകരെ സഹായിക്കുന്ന തിരുമേനി അനേകായിരങ്ങളുടെ ആരാധ്യപുരുഷനാണ്. സഹപ്രവർത്തകരോ, മറ്റു സ്നേഹിതരോ രോഗക്കിടക്കയിൽ ആയാൽ കാണാൻ ചെല്ലുമ്പോൾ പഴങ്ങളോ, മറ്റെന്തെങ്കിലുമോ കൈയിൽ കരുതിയിരിക്കും. ആശ്രമാംഗങ്ങളുടെ ആശുപത്രി ചെലവിനു തുക വയ്ക്കാതെ ചെക്ക് ഒപ്പിട്ടു കൊടുത്തിട്ടുള്ള അനേക സന്ദർഭങ്ങൾ എനിക്കറിയാം.

സഹപ്രവർത്തകർ വിട്ടുപിരിയാതിരിപ്പാൻ തിരുമേനി വളരെ കരുതുമായിരുന്നു. ഒരു ചെറിയ സംഭവം ഒരിക്കലും എനിക്കു മറക്കുവാൻ കഴി

യുകയില്ല. ബഹുമാനപ്പെട്ട എം. ജി. പോൾ അച്ചൻ വൈദിക സെമിനാരിയിൽ പഠിക്കുമ്പോൾ ഒരിക്കൽ ഞാൻ അച്ചന് അയച്ച കത്ത് തിരുമേനി കാണുവാനിടയായി (അച്ചനെപ്പോലെ വിനയവും എളിമയും എല്ലാവർക്കും ഉണ്ടായിരിക്കും എന്നു തോന്നുന്നില്ല) അതിലെ ഒരു വാചകം 'ആശ്രമത്തിലെ ചില അംഗങ്ങൾ വിലകൂടിയ വസ്ത്രങ്ങളും മറ്റും ധരിക്കുകയും, ചിട്ടയും, വിനയവുമില്ലാതെ ജീവിക്കുകയും ചെയ്യുന്നത് എനിക്കു വേദനാജനകമാണെന്നും, യഥാർത്ഥ ആശ്രമാംഗമായി ജീവിപ്പാൻ എളിമയോടെ പ്രവർത്തിക്കുന്ന ഏതെങ്കിലും സമൂഹത്തിൽ ചേർന്നാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു' എന്നുമായിരുന്നു.

കത്തു കണ്ട മാത്രയിൽ തന്നെ തിരുമേനി എനിക്കൊരു കത്തയച്ചു. "പ്രിയപ്പെട്ട അച്ചാ, സെമിനാരിയിലെ ധ്യാനവും കുർബാനയും കഴിഞ്ഞു ഞാൻ എഴുതുകയാണ്. ഒരു പക്ഷേ, ഏറ്റവും വിലയേറിയ വസ്ത്രം ധരിക്കുന്നത് ഞാനായിരിക്കും, അച്ചൻ ആശ്രമം വിട്ടു പോവരുത്. പരസ്പരം ക്ഷമിച്ചു നമുക്ക് കർത്താവിന്റെ വേല ചെയ്യാം."

ഈ കത്ത് എന്നെ യഥാർത്ഥത്തിൽ സ്തംഭിപ്പിച്ചു കളഞ്ഞു. ഇത്ര ഉന്നതനായ ഒരു വ്യക്തിയുടെ സ്നേഹവും വിനയവും നിറഞ്ഞ ആ കത്ത് ഈ തിരുമേനിയെ പിരിഞ്ഞു ലോകത്തിൽ മറ്റൊരു സമൂഹത്തിലേക്കും പോകുന്നതിൽ നിന്നു എന്നെ തടഞ്ഞു നിർത്തി. കത്ത് എനിക്കു കിട്ടിയതിന്റെ പിറ്റേന്നു തന്നെ രണ്ടു ദിവസത്തെ അവധി എടുത്തു ജോർജച്ചൻ പുതുപ്പാടിയിലെത്തി. "അച്ചന്റെ കത്തു കണ്ടിട്ടാണ് ഞാൻ വന്നത്" എന്നു പറഞ്ഞ് രണ്ടു ദിവസം പുതുപ്പാടിയിൽ താമസിച്ചു. ലളിതജീവിതത്തിന്റെ ആവശ്യകതയെപ്പറ്റിയുള്ള ഗുണദോഷങ്ങൾ എല്ലാവർക്കും നല്കി.

ഇതുപോലെ ഒരു നിസാര കാര്യത്തിനായി നിസാരനായ എന്നെത്തേടി എത്തിയ ആ ഉന്നതവ്യക്തിയുടെ സ്നേഹവും, കരുതലും, വിനയവും എനിക്കൊരിക്കലും മറക്കാനാവുന്നതല്ല. ബഹുമാനപ്പെട്ട എം. ജി. പോൾ അച്ചൻ തിരശ്ശീലയ്ക്കപ്പുറത്തേക്കുപോയ നാളുകളിൽ തിരുമേനി ഞങ്ങളേക്കാൾ അധികം കരഞ്ഞിട്ടുണ്ട്. എത്രമാത്രം കണ്ണീർ വർഷിച്ചു എന്നത് ദൈവത്തിനു മാത്രമേ അറിയൂ.

സഹപ്രവർത്തകരെ സ്നേഹിക്കുകയും കരുതുകയും ചെയ്യും എന്നു മാത്രമല്ല, കൂടെയുള്ളവരെ പരിപൂർണ്ണമായും വിശ്വസിച്ചു പണമെല്ലാം അതാത് സ്ഥാപനത്തിന്റെ ചുമതലക്കാരെ ഏൽപ്പിക്കുകയും ചെയ്യുകയാണ് പതിവ്. പക്ഷേ, കണക്കുകൾ വർഷാവസാനം കൃത്യമായി പ്രസിദ്ധപ്പെടുത്തണം എന്നത് നിർബന്ധമാണ്. മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കുന്ന പണം വിശ്വസ്തതയോടെ ചെലവഴിക്കുക മാത്രമല്ല, അവ പൊതു

ജനങ്ങൾ കൂടി അറിഞ്ഞിരിക്കണം എന്നുള്ളതും തിരുമേനിയ്ക്കു നിർബന്ധമാണ്.

ആയിരങ്ങളുടെ കണ്ണീരൊപ്പാൻ ദൈവം അയച്ച നീതിമാനായ ഈ പ്രവാചകശ്രേഷ്ഠൻ, ദീർഘനാൾ ജീവിച്ചു കർത്തൃനാമത്തിനു മഹത്വം നൽകുവാൻ ത്രിയേകദൈവം ഇടയാക്കട്ടെ.

(മാർ ഒസ്താത്തിയോസിന്റെ അശീതി സുവനിറിൽ എഴുതിയ ലേഖനം, 1999)